**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3367** **16.12.2015 ൽ മറുപടിയ്ക്ക്**

## കുട്ടനാട് പാക്കേജ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.കെ സദാശിവൻ: | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) | കുട്ടനാട് പാക്കേജിന്റെ കാലാവധി എന്ന് ഉടങ്ങി എന്നും എന്ന് അവസാനിച്ചു എന്നും വ്യക്തമാക്കാമോ; | (എ) കുട്ടനാട് പാക്കേജിന്റെ കാലാവധി ഉടങ്ങിയത് 2008 ജൂലൈ 24 നും അവസാനിച്ചത് ജൂലൈ 2012 നുമാണ്. |
| (ബി) | പാക്കേജിന്റെ ആകെ അടങ്കൽ തുക എത്രയായിരുന്നു; അതിൽ കേന്ദ്ര-സംസ്ഥാന അനുപാതം എത്രയായിരുന്നു എന്ന് അറിയിക്കാമോ; | (ബി) കുട്ടനാട് പാക്കേജിന്റെ മൊത്തം അടങ്കൽ തുക 1840.40 കോടി രൂപയാണ്. 50 ലക്ഷത്തിനു താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന് മേൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ തുടർ സ്കീമുകളിൽ ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾ അംഗീകാരം ലഭിച്ചു നടപ്പിലാക്കുന്നത്. പദ്ധതികൾ വിവിധ കേന്ദ്ര സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാൽ ഓരോ സ്കീമുകളുടെയും മാനദണ്ഡങ്ങൾക്കനുസൃതമായി കേന്ദ്ര-സംസ്ഥാന വിഹിതത്തിൽ വ്യത്യാസമുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്കായി ആകെ ലഭിച്ച കേന്ദ്ര ഫണ്ട് എത്രയെന്നും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ; | (സി) കുട്ടനാട് പാക്കേജിനായി ആകെ ലഭിച്ച /റിലീസ് ചെയ്ത ഫണ്ട് 434.428 കോടി രൂപയാണ്. ഇതിൽ ചെലവഴിച്ചത് 403.403 കോടി രൂപയാണ്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി സംസ്ഥാന ബജറ്റിൽ അനുവദിച്ച തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ; | (ഡി) കുട്ടനാട് പാക്കേജിന് പ്രത്യേക ബജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള (ongoing) കേന്ദ്ര-സംസ്ഥാന സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. 50 ലക്ഷത്തിന് താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന് മുകളിൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ തുടർ സ്കീമുകളിൽ ഉൾപ്പെടുത്തിയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. പദ്ധതികൾ വിവിധ കേന്ദ്ര-സംസ്ഥാന സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാൽ ഓരോ സ്കീമുകളുടെയും മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാന വിഹിതത്തിൽ വ്യത്യാസമുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ വീഴ്ചകൊണ്ട് സംസ്ഥാനത്തിന് ഉണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ ? | (ഇ) | കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല. കുട്ടനാട് പാക്കേജിനായി പ്രത്യേക ബജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും, പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**